(*a*) when was the Pay Commission with Mr. Kainikkara Padmanabha Pillai as Chairman appointed;
(*b*) who are the other members;
(*c*) what is their remuneration;
(*d*) the total expenses till now spent;
(*e*) whether any report has been submitted by the Commission; and
(*f*) if so, what are their main recommendations?

Sri. T. K. Narayana Pillai:
(*a*) 7th October 1948.
(*b*) Sri. Joseph Maliackal and Sri. P. Nanoo.
(*c*) Sitting fee Rs. 25 per diem and T. A. at rates sanctioned for First class officers of the State.
(*d*) Rs. 33,341.
(*e*) No.
(*f*) Does not arise.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ കമ്മിറ്റിയുടെ ശുപാർശകൾ എന്തെങ്കിലും ഗവൺമെണ്ട് അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ചോദ്യത്തിന്റെ മറുപടിയിൽനിന്നും അതു പിശദമാകുന്നതാണ്. അതായതു്, "whether any report has been submitted" എന്നതിനു് "No" എന്നാണു് ഉത്തരം.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ കമ്മിറ്റിയുടെ ഇൻറിം റിപ്പോർട്ട് വല്ലതും ഗവൺമെണ്ടിലേയ്ക്കു സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുമുമ്പായിട്ടു് കമ്മിറ്റിയെ പിരിച്ചുവിടുകയാണു് ചെയ്തതു്.

ശ്രീ. മാന്നാർ ഗോപാലൻനായർ: കമ്മിറ്റിയെ പിരിച്ചുവിട്ട എന്നു പറയുന്നതു് ഒരു എക്സ്കിപ്പീവു് ഓർഡർ മുഖേന ആയിരുന്നുവോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതെ.

ശ്രീ. പോൾ തളിയത്തു്: എത്ര മാസക്കാലം ഈ കമ്മിറ്റി പ്രവർത്തിച്ചിരുന്നുവെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: 1948 ഒക്ടോബർമാസം 9-ാം. തീയതിമുതൽ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു. പിരിച്ചുവിട്ടതു് എന്നാണെന്നുള്ളതു ഇപ്പോൾ പറയാൻ സാധ്യമല്ല.

വർത്തമാനപ്പത്രങ്ങൾക്കുള്ള ഗവൺമെണ്ടു് ധനസഹായം

*1. ശ്രീ. (ഡോ.) ശ്രീ അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഏതെങ്കിലും വർത്തമാനപ്പത്രങ്ങൾക്കു് ഗവൺമെണ്ടു് സഹായധനം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര സംഖ്യവീതം;

(ബി) ഗവൺമെണ്ടു് പരസ്യങ്ങൾ കൊടുത്തു സഹായിക്കാത്ത ഏതെങ്കിലും പത്രങ്ങളുണ്ടെങ്കിൽ ഏതെല്ലാം പത്രങ്ങൾ; അതിനുള്ള കാരണങ്ങൾ എന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഗവൺമെണ്ടിൽനിന്നും സഹായധനം കൊടുത്തു യാതൊരു പത്രങ്ങളേയും പ്രോത്സാഹിപ്പിക്കുന്നില്ല.

(ബി) ഗവൺമെണ്ടു് പരസ്യങ്ങൾ കൊടുത്തു യാതൊരു പത്രത്തിനേയും സഹായിക്കുന്നില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഏതെങ്കിലും വാർത്താവിതരണസംഘങ്ങൾക്കു് സഹായധനം കൊടുക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മെമ്പർ ഉദ്ദേശിക്കുന്നതരത്തിൽ സംസ്ഥാനത്തു യാതൊരു വാർത്താവിതരണസംഘങ്ങൾക്കും സഹായധനം കൊടുക്കുന്നില്ല.

Sri. A. Nesamoni: Does the Government pay any subsidy to the P. T. I.?

Sri. T. K. Narayana Pillai: They were originally giving a subsidy. But it was for the purpose of being utilised in the Broadcasting Station. The station has been taken by the

LIBRARY ARCHIVES Kerala Legislative Assembly

Government of India and this Government have not come to a decision whether the P. T. I. should be given a subsidy any longer.

ശ്രീ. ഈപ്പൻ അറയ്ക്കൽ : കോടതികളിൽനിന്നും ഇന്നയിന്ന പ്രസ്സുകാക്കുമാത്രമെ പരസ്യങ്ങൾ കൊടുക്കാവൂ എന്നു വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങനെ യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ : കൊച്ചിയിലെ പത്രങ്ങൾക്കു ധനസഹായം ചെയ്തുകൊണ്ടിരിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ധനസഹായം ചെയ്തിട്ടുള്ളതു വാസ്തവംതന്നെ. എന്നാൽ സംയോജനത്തിനുശേഷം ആ ഏർപ്പാട് നിർത്തിവച്ചിരിക്കയാണു്.

പോലീസ് പിടിച്ചെടുത്ത കാറും അരിയും

*൯൨൪. (൩൦) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) എട്ടു ചാക്കരി കയറ്റിപോവുകയായിരുന്ന ഒരു കാർ പോലീസുകാരൻ മുഖാന്തരം പുഴയ്ക്കടുത്തുവെച്ചു പിടിച്ചു കാറും അരിയും കസ്റ്റഡിയിലാക്കിയിരിക്കുന്നു എന്നു ൧൯൪൪ കുംഭം ൧൦-ാം തീയതിലെ മലയാളമനോരമയിൽ കണ്ട റിപ്പോർട്ട് ശരിയാണോ ;

(ബി) ശരിയാണെങ്കിൽ കാറും അരിയും തടഞ്ഞുവച്ചിരിക്കുന്നതു് എന്തിനാണു് ?

ശ്രീ. ടി. കെ. നാരായണപിള്ള :

(എ) അതെ.

(ബി) ഇപ്പോൾ തടഞ്ഞുവച്ചിട്ടില്ല. മുമ്പു തടഞ്ഞുവച്ചിരുന്നതു് കോടതിയിൽ ഹാജരാക്കാൻ വേണ്ടിയായിരുന്നു.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : പരസ്യമായി ചെയ്തുകൊണ്ടിരിക്കുന്ന കച്ചവടത്തെ പോലീസുകാർ എന്തിനാണു് തടഞ്ഞതു് ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : ഈ നാട്ടിൽ അരിയും നെല്ലും പരസ്യമായിട്ടു കച്ചവടം ചെയ്യുന്നതിനു് വിരോധമില്ലെങ്കിൽ എന്തിനാണു് ഈ കാറിനെ തടഞ്ഞതു് ?

ശ്രീ. ടി. കെ. നാരായണപിള്ള : നിയമപ്രകാരമുള്ള കച്ചവടമാണൊ നടത്തുന്നതു് എന്നു് പരിശോധിക്കുന്നതിനുവേണ്ടിയാണു്.

ശ്രീ. എ. കെ. ജോർജ്ജ് : കാറിൽ കുറച്ചു് അരിയൊ നെല്ലൊ കൊണ്ടുപോയാൽ പോലീസുകാർക്കു തടഞ്ഞുനിർത്താനുള്ള അധികാരമുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : പോലീസുകാർക്കു് അതു തടഞ്ഞുനിർത്തി പരിശോധിക്കാനുള്ള അധികാരമുണ്ടു്.

പത്രത്തിന്റെ മുഖപ്രസംഗത്തിലെ ആരോപണം

*൯൨൫. (൩൨) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ദയവായി മറുപടി പറയുമോ.—

(എ) തൃശ്ശൂർനിന്നു പ്രസിദ്ധംചെയ്യുന്ന എക്സ്പ്രസ്സ് പത്രത്തിന്റെ ൧൯൪൪ കുംഭം ൨൭-ാം തീയതി ലക്കത്തിൽ "ചരടുവലി സമ്മതിക്കരുതു്" എന്ന തലക്കെട്ടിൽ പ്രസിദ്ധം ചെയ്തിരിക്കുന്ന മുഖപ്രസംഗം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗ്രഡേഷൻ ലിസ്റ്റിന്റെ കാര്യത്തിൽ പുനഃസംഘടനാകമ്മിറ്റി അംഗങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസം ഉണ്ടെന്നും, തൻമൂലം നിടുമ്പൊയിൽ പ്രവർത്തനം പുരോഗമിക്കുന്നില്ലെന്നും ഉള്ള ആരോപണം ശരിയാണോ ?

ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉണ്ടു്.

(ബി) അപ്രകാരം ഒരു ആരോപണം ഉണ്ടായതായി അറിവില്ല.

ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ : ഈ ആരോപണം ആ പത്രത്തിന്റെ ഏതു ഭാഗത്താണു് വന്നിട്ടുള്ളതെന്നു ബഹുമാനപ്പെട്ട മന്ത്രി വായിച്ചുനോക്കിയിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ആ പത്രത്തിന്റെ മുഖപ്രസംഗത്തിലാണു് ഉള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly